DESPATCHED
On.26/2/2020
29.1.20.



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No. 412(7)/2014/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5088/എസ്.ഐ.സി–ജി 6/2014)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു. വിവരാവകാശ കമ്മീഷണർ

ശ്രീ. ഓമനക്കുട്ടൻപിള്ള,
'മഹാലക്ഷ്മി', വാത്തികുളം,
മാവേലിക്കര, ആലപ്പുഴ – 690 107. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഓണാട്ടുകര വികസന ഏജൻസി,
കായംകുളം, ആലപ്പുഴ. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 24.12.2013 |
| മറുപടി ലഭ്യമാക്കിയ തീയതി | ....... |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 28.03.2014 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 01.04.2014 |
| ഹിയറിംഗ് തീയതി, സ്ഥലം | 17.01.2020, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം:<br>പരാതി ഹർജിക്കാരൻ<br>സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | <br>ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഓമനക്കുട്ടൻപിള്ള 28.03.2014 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ

നാളിതുവരെയായി ലഭ്യമായില്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം 24.12.2013 ൽ പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് തെക്കേക്കര കൃഷിഭവനിൽ നിന്നും ടിയാന്റെ പക്കൽ നിന്നും വാങ്ങിയ എള്ള് വിത്ത് ഓണാട്ടുകര വികസന ഏജൻസിയിൽ ലഭിച്ച തീയതി, ടി എള്ള് വിത്തിന്റെ വില അനുവദിക്കുന്നതിനായി തെക്കേക്കര കൃഷി ഭവനിൽ നിന്ന് ടി കാര്യാലയത്തിൽ കത്തുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട് 7 വിവരങ്ങളായിരുന്നു.

3. എതിർകക്ഷിയോട് 27.02.2016 ൽ കമ്മീഷൻ ടി പരാതി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും എതിർകക്ഷി റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല. തുടന്ന് 26.11.2019 ൽ ഹിയറിംഗ് പോസ്റ്റു ചെയ്തിരുന്നുവെങ്കിലും അന്നേ ദിവസവും എതിർകക്ഷി ഹാജരായില്ല. പിന്നീട് 17.01.2020 ന് ഹാജരാകാൻ അറിയിച്ചതനുസരിച്ച് 26.11.2019 ൽ ഹാജരാകാൻ കഴിയാത്തതിന്റെ വിശദീകരണം സഹിതം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു.

4. പരാതി ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ എതിർകക്ഷി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ടി സാഹചര്യത്തിൽ ടി പരാതി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 29 – ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

JN

RIGHT TO INFORMATION